പതിമൂന്നാം കേരള നിയമസഭ

അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5599      06/07/2012-ൽ മറുപടിക്ക്

**ആദിവാസികൾക്ക് ഭൂമിയും വീടും**

ചോദ്യം      മറുപടി

ശ്രീ. കെ.വി.വിജയദാസ്:

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കേരളത്തിൽ ഭൂരഹിതരായും ഭവന രഹിതരായും എത്ര ആദിവാസി കുടുംബങ്ങളുണ്ട്; ഇവർക്ക് ഭൂമിയും വീടും നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിൽ ഭൂരഹിതരായി 10517 ആദിവാസി കുടുംബങ്ങളും ഭവന രഹിതരായ 10113 കുടുംബങ്ങളുമുള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇവർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി നൽകുന്നതിനായി ജില്ലാ കളക്ടർമാർ ചെയർമാൻമാരായുള്ള ജില്ല ആദിവാസി വികസന മിഷൻ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭൂമി വിതരണം നാല് ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു.ആദ്യഘട്ടത്തിൽ ലഭ്യമായ റവന്യൂ ഭൂമിയും നിയമ തടസ്സങ്ങളില്ലാത്ത മറ്റ് ഭൂമിയുടെയും വിതരണം, രണ്ടാം ഘട്ടത്തിൽ വകുപ്പുകളുടേയും, പൊതുമേഖലാ സ്ഥാപനങ്ങളുടേയും പക്കൽ നിന്ന് ലഭ്യമാകുന്ന ഭൂമിയുടെ വിതരണം, മൂന്നാം ഘട്ടത്തിൽ കേന്ദ്രസർക്കാർ അനുമതിയോടെ ലഭ്യമാകുന്ന ഭൂമിയുടെ വിതരണം, അവസാന ഘട്ടമായി ഭൂമി അക്വയർചെയ്ത് വിതരണം ചെയ്യൽ എന്നിങ്ങനെയാണ് തിരിച്ചിട്ടുള്ളത്. മൂന്നും നാലും ഘട്ടങ്ങളിലായുള്ള ഭൂമി വിതരണമാണിപ്പോൾ നടന്നു വരുന്നത്. |
| (ബി) | ഭൂരഹിതരായവർക്കുവേണ്ടി ഭൂമി എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഭൂരഹിത പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഫാസ്റ്റ് ട്രാക്ക് പ്രോസീഡിയർ ഗൈഡ് ലൈൻ പ്രകാരം ഭൂമി വാങ്ങി നൽകാനാണുദ്ദേശിക്കുന്നത്. ഇതിനായി ഏറ്റവും കൂടുതൽ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുള്ള വയനാട് ജില്ലയിൽ ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്കായി 50 കോടി രൂപ വയനാട് ജില്ലാ ആദിവാസി പുനരധിവാസ മിഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കോങ്ങാട് മണ്ഡലത്തിൽ ഭൂരഹിതരായവരും ഭവനരഹിതരായവരുടേയും വിവരങ്ങൾ നൽകുമോ; ഇവർക്ക് ഭൂമിയും വീടും നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) | കോങ്ങാട് മണ്ഡലത്തിൽ ഭൂരഹിതരായി 28 കുടുംബങ്ങളും ഭവനരഹിതരായി 53 പട്ടികവർഗ്ഗ കുടുംബങ്ങളും ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇതിൽ ഭൂരഹിരായ 11 കുടുംബങ്ങളെ ആദിവാസി പുനരധിവാസ മിഷൻ മുഖേന ഭൂമി വിതരണത്തിന് തിരഞ്ഞെടുത്തിട്ടുണ്ട്. ഇവർക്ക് ഭൂമി നൽകുന്ന മുറയ്ക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതാണ്. ഭവന രഹിതരായ 40 പട്ടിക വർഗ്ഗക്കാരുടെ അപേക്ഷകൾ ട്രൈബൽ സബ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനായി കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്, മണ്ണാർക്കാട് ബ്ളോക്ക് പഞ്ചായത്ത്, പാലക്കാട് ജില്ലാ പഞ്ചായത്തിലേയും സെക്രട്ടറിമാർക്ക് നൽകിയിട്ടുണ്ട്. |
| (ഡി) | ഓരോ ആദിവാസി കുടുംബത്തിനും 5 ഏക്കർ ഭൂമി നൽകുക എന്ന പ്രഖ്യാപിത നയത്തിൽ നിന്ന് സർക്കാർ പിന്നോട്ട് പോയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ഡി) | ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും 5 ഏക്കർ നൽകുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമല്ല. എന്നാൽ ഭൂമിയുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ 1 ഏക്കർ മുതൽ 5 ഏക്കർ വരെയുള്ള ഭൂമി വിതരണം നടത്തുക എന്ന പ്രഖ്യാപിത നയം അനുസരിച്ച് ഭൂമി വിതരണം നടത്തി വരുന്നു. വയനാട് ജില്ലയിലെ സുഗന്ധഗിരി, പൂക്കോട് പ്രോജക്ട് വക ഭൂമി 5 ഏക്കർ വീതം പട്ടികവർഗ്ഗക്കാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ കുണ്ടള പുനരധിവാസ മേഖലയിലും പട്ടികവർഗ്ഗക്കാർക്ക് 5 ഏക്കർ വീതം ഭൂമി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ